"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ഇൻകം ടാക്സ് നിയമം സെക്ഷൻ 10(46) പ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി Central Board of Direct Taxes (CBDT) ഡൽഹി മുമ്പാകെ ഹാജരാകുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത്.പി. മനോഹർ-ന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.588/2024/LBR    തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:-

1. 16/02/2019-ലെ സ.ഉ.(പി) നം.12/2019/ധന
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/05/2024-ലെ എ2-3165 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയ്ക്ക് ഇൻകം ടാക്സ് നിയമം സെക്ഷൻ 10(46) പ്രകാരമുള്ള എക്സംപ്ഷൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിലേയ്ക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.രഞ്ജിത്ത് പി.മനോഹർ (ശമ്പള സ്കെയിൽ 112800-163400) കെ.വർഗ്ഗീസ് & കമ്പനി ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ മുഖ്യ ഓഡിറ്ററിനോടൊപ്പം 04/06/2024 തീയതിയിൽ Central Board of Direct Taxes (CBDT) ഡൽഹി മുൻപാകെ ഹാജരാകുന്നതിലേയ്ക്കും ആയതിന് വിമാന മാർഗ്ഗം ഡൽഹിയിൽ പോകുന്നതിനും അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയ്ക്ക് ഇൻകം ടാക്സ് നിയമം സെക്ഷൻ 10(46) പ്രകാരമുള്ള എക്സംപ്ഷൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി Central Board of Direct Taxes (CBDT) ഡൽഹി മുമ്പാകെ 04/06/2024 തീയതിയിൽ ഹാജരാകുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത് പി. മനോഹർ-ന്, പ്രസ്തുത മീറ്റിംഗിനോടനുബന്ധിച്ചുള്ള മുഴുവൻ ചെലവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഇതിനുവേണ്ടി വിമാന മാർഗ്ഗം ഡൽഹിയിൽ പോകുന്നതിനും തിരികെ വരുന്നതിനും നിയമാനുസൃതമായ യാത്രാപ്പടി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. രഞ്ജിത്ത് പി. മനോഹർ-ന് അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ശ്രീ. രഞ്ജിത്ത് പി. മനോഹർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Supriya C D
Date: 04-06-2024 15:45:26

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്